LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്കായുള്ള ആശ്വാസ നടപടികൾ

126 [T437] *ശ്രീ. സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടയ്ക്കയുടെ വിലയിടിവ് കാരണം കഷ്ടപ്പെടുന്ന കാസർഗോഡ് ജില്ലയിലെ അടയ്ക്ക കർഷകർക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് സർക്കാർ കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക ലോണുകൾ തിരിച്ചടയ്ക്കാൻ കഴിയാത്തതിന്റെ പേരിൽ കർഷകർക്കെതിരെ ബാങ്കുകൾ ജപ്തി നടപടികൾ ആരംഭിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ;

(സി) എങ്കിൽ താൽക്കാലിക ഇളവ് അനുവദിച്ച് ആറുമാസക്കാലത്തേയ്ക്ക് ജപ്തി നടപടികൾ നിറുത്തിവയ്ക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) അടയ്ക്കാ കർഷകരിൽ നിന്ന് മാർക്കറ്റ് വിലയേക്കാൾ പരമാവധി 10 രൂപ അധികം നൽകി കാംപ്കോ മുഖേന സംസ്ഥാനത്ത് അടയ്ക്ക സംഭരിച്ചു. കാസർഗോഡ് ജില്ലയിൽ 9 കേന്ദ്രങ്ങളിലായി 10619 കർഷകരിൽ നിന്ന് 34627.104 ക്വിന്റൽ അടയ്ക്ക സംഭരിച്ചു. ഇത് അടയ്ക്കയുടെ വില ക്രമാതീതമായി കുറയുന്നത് തടയാനും കർഷകർക്ക് ന്യായവില ഉറപ്പു വരുത്തുന്നതിനും സഹായിച്ചിട്ടുണ്ട്.

(ബി) & (സി) സഹകരണ സംഘങ്ങളിൽ നിന്നും എടുത്ത കാർഷിക വായ്പകൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേക്ക് സർക്കാർ മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത കാലാവധിയിൽ പലിശയും, പിഴപ്പലിശയും നൽകുന്നതിൽ വരുന്ന നഷ്ടം സർക്കാർ റീ-ഇംപേഴ്സ് ചെയ്യുന്നതാണെന്ന് നിഷ്ക്കർഷിച്ചിരുന്നു. കൂടാതെ സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത കാർഷിക വായ്പകൾ ഈടാക്കുന്നതിന് ജപ്തി ഉൾപ്പെടെയുള്ള എല്ലാ നിയമ നടപടികളും 17-4-2004 മുതൽ ഒരു വർഷത്തേക്ക് നിർത്തിവച്ചിരുന്നു.

നക്ഷത്രചിഹ്നമിടാത്ത 320, 431 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരം കഴിഞ്ഞു).